Malappuram District Police

## 26/04/2018 മേലാറ്റൂർ

കോയമ്പത്തൂരിൽ നിന്ന് രേഖകളില്ലാതെ കാറില് കടത്തികൊണ്ടുവരികയായിരുന്ന 3. 34കോടിയുടെ കുഴൽപ്പണവുമായി രണ്ടുപേര് മേലാറ്റൂരില് പൊലിസ് പിടിയിലായി. രണ്ടായിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകളാണ് ഇവരിൽ നിന്നും പിടിച്ചെടുത്തത്. കോഴിക്കോട് കൊടുവള്ളി സ്വദേശികളായ കുരിക്കൾ തൊടികയിൽ ബൈജു (42), ചേരിയാല വീട്ടിൽ അർഷാദ് (21) എന്നിവരാണ് പിടിയിലായത്.

പെരിന്തൽമണ്ണ ഡിവൈ.എസ്.പി മോഹനചന്ദ്രന് ലഭിച്ച രഹസ്യവിവരത്തെതുടർന്ന് പൊലിസ് നടത്തിയ വാഹന പരിശോധനയിലാണ് പണം പിടികൂടിയത്. ഇന്നലെ രാവിലെ ഏഴോടെ മേലാറ്റൂർ എസ്.ഐ പി.കെ.അജിത്തിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം ഉച്ചാരക്കടവില് നിന്നാണ് സംഘത്തെ പിടികൂടിയത്. കാറിന്റെ ഹാൻഡ് ബ്രേക്കിനടിയിലെ രഹസ്യ അറയിലായിരുന്നു പണം സൂക്ഷിച്ചിരുന്നത്. അഡീഷനൽ എസ്.ഐ.മാരായ സാജൻ, പി.മോഹൻദാസ്, ഉദ്യോഗസ്ഥരായ പ്രദീപ്, കൈലാസ്, ഫഖ്റുദ്ദീന്, അലി, വനിതാ സി.പി.ഒമാരായ സിന്ധു, നസീമ എന്നിവരും സംഘത്തിലുണ്ടായിരുന്നു. പ്രതികളെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.